**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2111** **11-10-2021 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനുള്ള അപേക്ഷകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ റി ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ ആരോഗ്യ വകുപ്പിൽ ലഭ്യമാക്കുന്ന തീയതി അടിസ്ഥാനമാക്കി സീനിയോറിറ്റി പ്രകാരം സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | മരണപ്പെട്ട ജീവനക്കാരുടെ ചികിത്സയുമായി ബന്ധപ്പെട്ടതും പലിശരഹിത ചികിത്സാവായ്പ ക്രമീകരണവുമായി ബന്ധപ്പെട്ടതും ക്യാൻസർ, അവയവ മാറ്റിവയ്ക്കൽ, ഹൃദ്രോഗം തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ടതുമായ മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റ് അപേക്ഷകൾ ഒഴികെ ഉള്ളവ സീനിയോറിറ്റി പ്രകാരമാണ് പരിഗണിച്ചു വരുന്നത്. |
| (ബി) | മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന് അതാതു വകുപ്പുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന നിശ്ചിത തുക പരിധി ഉയർത്താൻ നിലവിലെ സാഹചര്യം പരിഗണിച്ച് സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | 1960-ലെ KGSMA ചട്ടങ്ങൾ പ്രകാരം പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി വകുപ്പ് തലവന്മാർക്ക് അനുവദിക്കാവുന്ന റീ ഇമ്പേഴ്സ്മെന്റ് തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടില്ല. |
| (സി) | മെഡിക്കൽ റി ഇമ്പേഴ്സ്മെന്റിന് അതാതു വകുപ്പുകളിൽ നിശ്ചയിച്ചിരിക്കുന്ന തുക പരിധി കഴിഞ്ഞാൽ അതാതു വകുപ്പുകളിൽനിന്നും ആരോഗ്യവകുപ്പിലേയ്ക്കും അവിടെനിന്നും വീണ്ടും മാതൃവകുപ്പുകളിലേയ്ക്കും പിന്നെ സെക്രട്ടേറിയറ്റ് ഫിനാൻസ് വകുപ്പിലേയ്ക്കും തിരിച്ച് വീണ്ടും മാതൃവകുപ്പിലേയ്ക്കും അയക്കുക വഴി വർഷങ്ങളുടെ കാലതാമസം ഉദ്യോഗസ്ഥർക്ക് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; മെഡിക്കൽ റി ഇമ്പേഴ്സ്മെന്റിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ? | (സി) | ഇല്ല. 1960-ലെ KGSMA ചട്ടങ്ങൾ പ്രകാരം പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി വകുപ്പ് തലവന്മാർക്ക് അനുവദിക്കാവുന്ന റീ ഇമ്പേഴ്സ്മെന്റ് തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള രേഖകൾ മെഡിക്കൽ റീഇംമ്പേഴ്സ്മെന്റിന് അനിവാര്യമായതിനാൽ മെഡിക്കൽ റീഇംമ്പേഴ്സ്മെന്റ് ഓൺലൈൻ ആക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ